ഉത്തരം

(എ) ഓർഡിനറി സർവ്വീസുകളും, ലിമിറ്റഡ് സ്റ്റോപ്പ് പാസ്റ്റ് പാസഞ്ചർ ഉൾപ്പെടെയുള്ള എല്ലാ ഫാസ്റ്റ് പാസഞ്ചർ സർവീസുകളും യാത്രക്കാർ ആവശ്യപ്പെടുന്ന സ്ഥലത്ത് രാത്രി 10 മണിക്കും രാവിലെ 6 മണിക്കും മദ്ധ്യേ നിറുത്തികൊടുക്കാൻ ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ, ഫാസ്റ്റ് പാസഞ്ചർ ബസുകൾ രാത്രി 10-നും 6-നും മദ്ധ്യേ യാത്രക്കാർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ നിറുത്താൻ നിയമമുണ്ട്. എല്ലാത്തരം ബസുകൾക്കും ഇത് ബാധകമാക്കാൻ നിർവാഹമില്ല.

(സി) നിലവിലുള്ള ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഹാജരാക്കുന്നു. †

(ഡി) ഇല്ല.

(ഇ) മേൽപ്പറഞ്ഞ നിലവിലുള്ള ഉത്തരവിൽ നിന്നും വ്യതിചലിക്കാൻ തൽക്കാലം നിർവാഹമില്ല.

(എഫ്) രാത്രികാലങ്ങളിൽ ഓടിക്കുന്നത് ദീർഘദൂര സർവീസുകളാണ്. 25 കി.മീ മീറ്റർ തുടർച്ചയായി യാത്ര ചെയ്യുന്നവരെ അവർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ ഇറക്കിയാൽ ദീർഘദൂര സർവീസുകൾ നിശ്ചിത സമയത്ത് ഓടിയെത്താനാവില്ല. ഇത് ദീർഘദൂര സർവീസുകളിലെ യാത്രക്കാരെ ദോഷകരമായി ബാധിക്കും.

പുതിയ ബസുകൾ

108 (793) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ ബസുകൾ വാങ്ങിയിട്ടുണ്ട് ;

(ബി) അതിൽ എത്ര എണ്ണം നിരത്തിലിറക്കിയിട്ടുണ്ട് ;

(സി) എത്ര പുതിയ റൂട്ടുകളിൽ ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട് ;

(ഡി) അതിൽ എത്ര അന്തർ സംസ്ഥാന റൂട്ടുകൾ ആരംഭിച്ചു ;

(ഇ) അന്തർസംസ്ഥാന റൂട്ടുകളിൽ ഏതെങ്കിലും നഷ്ടത്തിൽ പ്രവർത്തിക്കുന്നുണ്ടോ ;

(എഫ്) അത്തരം റൂട്ടുകളിൽ എത്ര എണ്ണം നിർത്തിവച്ചു ; അവ ഏതെല്ലാം ?

---

† അനുബന്ധം XIII

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി. വാങ്ങിയ ബസുകൾ 1912 ആണ്.

(ബി) 1912.

(സി) 1060 റൂട്ടുകൾ.

(ഡി) 56 എണ്ണം.

(ഇ) ഉണ്ട്.

(എഫ്) അന്തർ സംസ്ഥാന സർവ്വീസുകൾ ഒന്നും തന്നെ നിറുത്തിവച്ചിട്ടില്ല.

കെ. എസ്. ആർ. ടി. സി. യുടെ പർച്ചേസ്

109 (794) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. കോർപ്പറേഷന് വാഹനങ്ങൾക്ക് വേണ്ട ഇന്ധനം, സ്പെയർപാർട്സ്, ടയർ എന്നിവ എവിടെ നിന്നെല്ലാമാണ് വാങ്ങുന്നത് ;

(ബി) പഴകിയ ടയറുകൾ നന്നാക്കുന്നത് എവിടെ നിന്നാണ് ;

(സി) 31-12-2000-ലെ കണക്കനുസരിച്ച് കെ. എസ്. ആർ. ടി. സി. ഇന്ധനം, സ്പെയർ പാർട്സ്, ടയർ എന്നിവ വാങ്ങിയവയിലും പഴകിയ ടയർ നന്നാക്കിയ വകയിലും ഒട്ടാകെ എന്തു തുക കൊടുത്തു തീർക്കുവാനുണ്ട് ;

(ഡി) പ്രസ്തുത തീയതിയിൽ ഈ ഓരോ ഇനത്തിലും കൊടുത്തു തീർക്കുവാനുള്ള തുക എത്ര വീതമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി. വാഹനങ്ങൾക്ക് ആവശ്യമായ ഇന്ധനം ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ നിന്നാണ് വാങ്ങുന്നത്. അപ്പോളോ ടയേഴ്സ്, മോദി റബ്ബർ എന്നീ കമ്പനികളിൽ നിന്നാണ് ടയർ വാങ്ങുന്നത്. സ്പെയർ പാർട്സുകളാവട്ടെ അശോക് ലൈലാന്റ്, ടാറ്റ എന്നീ വാഹന നിർമ്മാതാക്കളിൽ നിന്നും അവർ ഉൽപ്പാദിപ്പിക്കാത്തവ അവർക്ക് സ്പെയേർസ് സപ്ലൈ ചെയ്യുന്ന ഒ. ഇ. മാനുഫാക്ചറേഴ്സ് ആയ മൈക്കൊ, ബ്രെക്ക്സ് ഇൻഡ്യാ ലൂക്കാസ്, ടി. വി. എസ്. സുന്ദരം ക്ലേറ്റൻ തുടങ്ങിയവയിൽ നിന്നും അസോസിയേഷൻ ഓഫ് സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് അണ്ടർ ടേക്കിംഗ്സുമായി റേറ്റ് കോൺട്രാക്റ്റ് നിലവിലുള്ള അനേകം സ്ഥാപനങ്ങളിൽ നിന്ന് അതേ നിരക്കിലും, ശേഷിച്ചവ പരസ്യമായ ടെണ്ടർ മുഖേനയുമാണ് വാങ്ങുന്നത്.

(ബി) പാപ്പനംകോട് സെൻട്രൽ വർക്സ്, ആലുവ, എടപ്പാൾ എന്നിവിടങ്ങളിലെ റീജിയണൽ വർക്സ്ഷോപ്പ് എന്നിവിടങ്ങളിൽ.

(സി) 18,33,11,826 രൂപ കൊടുത്തു തീർക്കുവാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly